പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 636 | 13-10-2026-ൽ മറുപടിയ്ക്ക്

<u>പീപ്പിൾസ് ഐ ആപ്പ്</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച് എക്സൈസ് വകുപ്പിന് ലഭിക്കുന്ന വിവരങ്ങളിൽ സമയബന്ധിതമായ ഇടപെടൽ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതിനായും ലഭിക്കുന്ന വിവരങ്ങളിൽ സമയബന്ധിതമായ ഇടപെടൽ ഉറപ്പാക്കുന്നതിനുമായി സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നു. ലഭിക്കുന്ന രഹസ്യ വിവരങ്ങൾ/പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട ഫീൽഡ് യൂണിറ്റിലേക്ക് കൈമാറുകയും, 24 മണിക്കൂറിനുള്ളിൽ പ്രാഥമിക നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. എല്ലാ ജില്ലകളിലും സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും, ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും പരിശോധനകൾ നടത്തി സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) മുഖേനയും പരിശോധനകൾ നടത്തി വരുന്നു.

രാസലഹരി ഉൾപ്പെടെയുള്ള മയക്കമരുന്നുകൾ വാട്സാപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ വഴിയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ മുഖേനയും "PEOPLES EYE" എന്ന പുതിയ മൊബൈൽ ആപ്പ് വഴിയും പരാതികളും രഹസ്യ വിവരങ്ങളും സ്വീകരിച്ച് അടിയന്തിര തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഫെയ്സ് ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് എന്നിവ വഴിയും 9447178000 എന്ന നമ്പറിലേക്ക് വിളിച്ചും നേരിട്ടും സ്റ്റേറ്റ് കൺട്രോൾ റൂമിലേക്ക് പൊതുജനങ്ങൾക്ക് പരാതികൾ നൽകാവുന്നതാണ്. പഞ്ചായത്ത്, വാർഡ് തല കമ്മറ്റികൾ രൂപീകരിച്ച് ജനങ്ങളുമായി ആശയവിനിമയം നടത്തി വിവര ശേഖരണം നടത്തി അടിയന്തര നടപടി സ്വീകരിക്കുന്നു.

എക്സൈസ് വകുപ്പ് പോലീസ്, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകളും, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ചേർന്ന് വിദ്യാലയ പരിസരങ്ങളിലെ ലഹരി വിൽപ്പനയ്ക്കെതിരെ കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**(ബി)** ലഹരി വിരുദ്ധ പോരാട്ടത്തിൽ എക്സൈസ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ 'പീപ്പിൾ ഐ' ആപ്പ് ഒരുക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. 16.09.2026-ൽ 'പീപ്പിൾസ് ഐ' ആപ്പ് നിലവിൽ വന്നു.

**(സി)** ലഹരി നിർമ്മാണവും വില്പനയും ഉപയോഗവും സംബന്ധിച്ച വിവരം നൽകുന്നവരുടെ വ്യക്തിഗത വിശദാംശങ്ങൾ വെളിപ്പെടുത്താതെ തന്നെ വിവരങ്ങൾ നൽകാനുള്ള സംവിധാനം പ്രസ്തുത ആപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. 'പീപ്പിൾസ് ഐ' മൊബൈൽ ആപ്പിലൂടെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**(ഡി)** പ്രസ്തുത ആപ്പിലൂടെ നൽകുന്ന പരാതികളിൽ തുടർ നടപടികൾ ഉറപ്പാക്കുന്നതിനായി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. ആപ്പ് വഴി സമർപ്പിക്കുന്ന പരാതികൾ പ്രസ്തുത പ്രദേശത്തിന്റെ ചുമതലയുള്ള എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസിലേക്ക് ഓട്ടോമേറ്റഡ് റൂട്ടിംഗ് (Automated Routing) വഴി ഉടനടി കൈമാറ്റം ചെയ്യപ്പെടുന്നു. ഫീൽഡ് ഓഫീസുകൾ സ്വീകരിക്കുന്ന നടപടികൾ എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് തത്സമയം (Real-time tracking) നിരീക്ഷിക്കാനുള്ള സംവിധാനവും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ദിവസത്തിനുള്ളിൽ പരാതിയിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ടി പരാതി അന്വേഷിക്കുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനും സംവിധാനം നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**